**തടസ്സവാദം**

ബില്ലിലെ അവ്യക്തത സംബന്ധിച്ച്

ശ്രീ. കെ. എം. മാണി: സർ, ഒരാൾക്ക് പഞ്ചായത്ത് അംഗമായി തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് നോമിനേഷൻ പേപ്പറിനോടൊപ്പംതന്നെ അയാളുടെ സ്വത്ത് വിവരങ്ങൾ ഭരണാധികാരിക്ക് മുമ്പാകെ സമർപ്പിക്കണമെന്ന് നിയമമുണ്ട്. അതുപോലെതന്നെ 159-ാം വകുപ്പ് അനുസരിച്ച് ഒരംഗം തന്റെ സ്ഥാനം ഏറ്റെടുത്ത തീയതി മുതൽ 15 ദിവസത്തിനകം അയാളുടെ സ്വത്ത് വിവരങ്ങൾ കോംപീറ്റന്റ് അതോറിറ്റിക്ക് സമർപ്പിക്കണമെന്നും നിയമമുണ്ട്. പ്രസ്തുത വകുപ്പിലെ നാലാം ഉപവകുപ്പനുസരിച്ച് ഒന്നാം ഉപവകുപ്പിനും രണ്ടാം ഉപവകുപ്പിലും പറഞ്ഞിട്ടുള്ള തീയതിക്കുള്ളിൽ ഒരു പഞ്ചായത്തംഗം അപ്രകാരമുള്ള സ്റ്റേറ്റ്മെന്റ് കോംപീറ്റന്റ് അതോറിറ്റിക്ക് സമർപ്പിച്ചിട്ടില്ലാത്തപക്ഷം 35-ാം വകുപ്പുപ്രകാരം പഞ്ചായത്ത് അംഗമായി തുടരുന്നതിന് അർഹതയില്ലെന്ന് വ്യവസ്ഥ ചെയ്യുന്നു. 35 (Q) അനുസരിച്ച് മേൽ പറഞ്ഞ പ്രകാരം നിർദ്ദേശിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ തന്റെ ആസ്തിയെ സംബന്ധിച്ച് പ്രസ്ഥാവം നൽകുന്നതിൽ പരാജയപ്പെട്ടാൽ ആ ആളിന് പഞ്ചായത്തംഗമായി തുടരുന്നതിന് പാടില്ലെന്നും വ്യവസ്ഥ ചെയ്യുന്നു. 'നിലവിലെ അംഗങ്ങൾ' അതാണ് ഏറ്റവും കാര്യമായ ഒബ്ജക്ഷൻ. നിലവിലെ

അംഗങ്ങൾ 13.02.2017-ന് മുമ്പ് സ്റ്റേറ്റ്മെന്റ് നൽകേണ്ടതായിരുന്നു. 13.02.2017-ന് ശേഷം ഇവരെല്ലാം 35-ാം വകുപ്പനുസരിച്ച് അയോഗ്യരായി കഴിഞ്ഞു. 159-ാം വകുപ്പിൽ സമയം ദീർഘിപ്പിച്ചുകൊണ്ട് ഓർഡിനൻസ് ഇറക്കിയത് 26.04.2018-ൽ ആണ്. അയോഗ്യരായ ഇവർ 13.02.2017 മുതൽ 26.04.2018 വരെ പഞ്ചായത്തംഗമായി തുടരുന്നത് സാധൂകരിച്ച് ഒരു വ്യവസ്ഥയും ഓർഡിനൻസിലോ ബില്ലിലോ ഇല്ല. അതു കൊണ്ടുതന്നെ ഈ ബിൽ കൊണ്ട് നാളിതുവരെ സ്റ്റേറ്റ്മെന്റ് നൽകാത്തവർക്ക് യാതൊരു പ്രയോജനവും ലഭിക്കുകയില്ല. പൊതു പ്രവർത്തകനായ ഒരാൾക്ക് അയാൾ ചെയ്യേണ്ട കർത്തവ്യത്തിന് ഇത്രയും കാലാവധി നീട്ടിക്കൊടുക്കുന്നത് അനുചിതമാണ്. 60 മാസം കാലാവധിയുള്ള ഒരംഗത്തിന് സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്യുവാൻ 30 മാസം കൊടുക്കുന്ന ഒരു വ്യവസ്ഥ മറ്റേതെങ്കിലും സംസ്ഥാനത്തുണ്ടോ? വാസ്തവത്തിൽ പറഞ്ഞാൽ ലജ്ജാകരമായ ഒരു കാര്യമാണ്. ഈ ഭേദഗതി കൊണ്ട് സർക്കാർ ഉദ്ദേശിക്കുന്ന യാതൊരു ഫലവും ലഭിക്കുകയില്ല. അതുകൊണ്ട് ഈ ബിൽ പിൻവലിക്കാൻ സർക്കാർ തയ്യാറാകണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന.

പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ,

ഒരു ബിൽ അവതരിപ്പിച്ചുകഴിഞ്ഞ്, സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് ശേഷം ബില്ലിനെ സംബന്ധിച്ച ഒരു തടസ്സവാദം ഉന്നയിക്കുന്നത് ക്രമപ്രകാരമല്ല. ഇതിനാൽ 303 പ്രകാരം പോയിന്റ് ഓഫ് ഓർഡർ നിലനിൽക്കുന്നതല്ല. ബിൽ അവതരിപ്പിക്കുന്ന സമയത്താണ് 303 ബാധകമായി വരുന്നത്. അല്ലാതെ ഏതെങ്കിലുമൊരു പ്രത്യേക ഘട്ടത്തിലല്ല. ബിൽ അവതരിപ്പിക്കുന്ന വേളയിൽ റൂൾ 71 പ്രകാരമാണ് തടസ്സവാദമുന്നയിക്കേണ്ടത്. എന്നാൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചശേഷം തിരിച്ച് സഭയിൽ ബിൽ പരിഗണനയ്ക്കെടുക്കുമ്പോൾ ഇപ്രകാരം തടസ്സവാദമുന്നയിക്കുന്നത് ക്രമപ്രകാരമല്ല. അതുകൊണ്ട് ഇതിൽ ഒരു ക്രമപ്രശ്നവും നിലനിൽക്കില്ല.

ശ്രീ. കെ. എം. മാണി: ഇത് ശരിയായ നടപടിക്രമമല്ല, ആവശ്യമില്ലാത്തതും അസ്ഥാനത്തുള്ളതുമായ ഒരു നടപടിക്രമമാണ്.

ശ്രീ. എ. കെ. ബാലൻ: ഞാൻ പറഞ്ഞുതീർക്കട്ടെ, ബഹുമാനപ്പെട്ട അംഗം വളരെ സീനിയറായ ഒരാളാണ്. നിലവിലെ പഞ്ചായത്ത് രാജ് ആക്ട് 159-ാം വകുപ്പുപ്രകാരം പഞ്ചായത്തംഗത്തിന്റെയും അയാളുടെ കുടുംബത്തിലെ മറ്റ് അംഗങ്ങളുടെയും ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റ് അതിന്റെ കോംപീറ്റന്റ് അതോറിറ്റിക്ക് മുമ്പാകെ 15 ദിവസമെന്നത് 15 മാസത്തിനകം

സമർപ്പിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. 12.11.2015-നാണ് നിലവിലുള്ള പഞ്ചായത്തുകൾ നിലവിൽ വരുന്നത്. അത് പ്രകാരം 12.03.2017-നകം പ്രസ്തുത സ്റ്റേറ്റ്മെന്റ് ബോധിപ്പിക്കേണ്ടതായിരുന്നു. ഈ സമയം 30 മാസത്തേയ്ക്ക് ദീർഘിപ്പിക്കുന്നതാണ് നിർദ്ദിഷ്ട ഭേദഗതി. എന്നാൽ ഇതിന് നിയമസാധുത ഇല്ലെന്ന് പറയുന്ന തടസ്സവാദം നിലനിൽക്കുന്നതല്ല. ബില്ലിന്റെ പ്രാരംഭത്തിൽതന്നെ ബില്ലിന് 12.11.2015 മുതൽ പ്രാബല്യം നൽകി വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം മുൻകാല പ്രാബല്യം ബില്ലിന് നൽകിയിട്ടുണ്ടെന്നത് ബഹുമാനപ്പെട്ട സീനിയർ അംഗത്തെ അറിയിക്കുവാൻ ഈ അവസരം ഞാൻ ഉപയോഗിക്കുകയാണ്. പതിനഞ്ച് മാസം കഴിഞ്ഞാൽ സ്വാഭാവികമായി അംഗത്തിന് അയോഗ്യത വന്നുചേരുമെന്നതാണ് തടസ്സവാദത്തിൽ ഉന്നയിച്ചിട്ടുള്ളത്. എന്നാൽ സ്വാഭാവികമായി അംഗത്വം നഷ്ടപ്പെടുന്നില്ല. തെരഞ്ഞെടുപ്പ് കമ്മീഷന്റെ നടപടികൾക്ക് മാത്രമാണ് അത്തരത്തിൽ യോഗ്യത കൽപ്പിക്കുന്നത്. ആയതിനാൽ ഒരു രൂപത്തിലും തടസ്സവാദം നിലനിൽക്കുന്നതല്ല.

<u>ശ്രീ. കെ. എം. മാണി</u>: സർ, റൂൾ 303 (2)-ൽ പറയുന്നത് തൽസമയം സഭയുടെ മുമ്പാകെയുള്ള കാര്യനിർവ്വഹണം സംബന്ധിച്ച് ഒരു ക്രമപ്രശ്നം ഉന്നയിക്കാവുന്നതാണ് എന്നാണ്. ഇവിടെ ഉന്നയിക്കാൻപാടില്ല, മറ്റൊരു

സന്ദർഭത്തിലെ ഉന്നയിക്കാൻ പാടുള്ളൂ എന്നൊന്നും പറഞ്ഞിട്ട് കാര്യമില്ല.

ശ്രീ. എ. കെ. ബാലൻ: സബ്ജക്ട് കമ്മിറ്റിയുടെ അംഗീകാരം കിട്ടിയതിനുശേഷം അന്തിഘട്ടത്തിൽ പരിഗണനയ്ക്ക് വരുമ്പോഴല്ല തടസ്സവാദം ഉന്നയിക്കേണ്ടത്, ആരംഭഘട്ടത്തിൽ താങ്കൾക്ക് ഉന്നയിക്കാമായിരുന്നു. കൺസിഡറേഷൻ ആന്റ് പാസ്സിംഗ് സ്റ്റേജിലല്ല ഇത് കൊണ്ടുവരേണ്ടത്.